# അധരങ്ങളിൽനിന്നുതിരേണ്ടത് കൃതജ്ഞതാകീർത്തനങ്ങൾ



ജസ്റ്റി തോമസ്

കഴിഞ്ഞ കാലത്തിന്റെ മധുരതരമായ ഓർമ്മകളും പാഠങ്ങളും ഹൃദയത്തിൽ സംഭരിച്ചുകൊണ്ട് 2019 നെ വരവേറ്റു കഴിഞ്ഞിരിക്കുകയാണു നാമെല്ലാവരും. പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ കൊഴിഞ്ഞുപോയ വർഷത്തിൽ തമ്പുരാൻ നൽകിയ വിവിധങ്ങളായ അനുഗ്രഹങ്ങൾക്കു കൃതജ്ഞത അർപ്പിക്കുവാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നതെന്ന തിരിച്ചറിവിലേക്കാണ് നാം പ്രവേശിക്കേണ്ടത്. "ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്കു നന്ദി പറയുകയും ചെയ്യുവിൻ. അവിടുന്ന് നിങ്ങൾക്കു ചെയ്ത നന്മയെ പ്രതി സകല ജീവികളുടെയും മുമ്പിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുകയും അവിടുത്തേക്കു കൃതജ്ഞതയർപ്പിക്കുകയും ചെയ്യുവിൻ (തോബിത്ത് 12:6). മാതാപിതാക്കന്മാരിലൂടെയും ആത്മീയഗുരുക്കന്മാരിലൂടെയും അധ്യാപകരിലൂടെയും നമുക്കു ലഭിച്ച സൗഭാഗ്യങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യാനുള്ള സുവർണാവസരമാണ് 2019.

ജനുവരിമാസത്തിന്റെ നനുത്ത പുലരിയിലേക്കു നാം ഉണർന്നുവരുമ്പോൾ, നമ്മുടെ അധരങ്ങളിൽനിന്നു ഉതിർന്നുവീഴേണ്ടത് കർത്താവിനായുള്ള നന്ദിയുടെ കീർത്തനങ്ങളല്ലേ കൂട്ടുകാരേ? ശ്വസിക്കാൻ ശുദ്ധവായു, കുടിക്കാൻ ജലം, വിശപ്പിനു ഭക്ഷണം, ഉടുക്കാൻ വസ്ത്രം, കിടക്കാൻ പാർപ്പിടം, ഇവയെല്ലാം ദൈവം നമുക്കു നൽകിയ മഹത്തരങ്ങളായ അനുഗ്രഹങ്ങളാണ്. എന്നാൽ, നമ്മൾ ഗൗനിക്കാതെ, ഇതൊക്കെ എന്റെ അവകാശങ്ങളാണ് എന്നു ചിന്തിക്കുന്നു! നിങ്ങളെപ്പോലെ നിങ്ങളുടെ പ്രായത്തിലുള്ള എത്രയോ കുഞ്ഞുങ്ങളെ നമ്മുടെ സ്ഥിരം യാത്രകളിൽ തെരുവുകളിൽ ആരോരുമില്ലാതെ നാം കാണുന്നു. വിശപ്പടക്കാൻ കുറച്ചു ഭക്ഷണത്തിനായി അവർ അലയുമ്പോൾ, നമ്മുടെ ചോറ്റുപാത്രങ്ങളിൽ നമ്മുടെ അമ്മ വിശിഷ്ടമായ വിഭവങ്ങൾ കരുതിവച്ചിരിക്കുന്നു. തെരുവോരങ്ങളിൽ അവർ രാപാർക്കുമ്പോൾ നമ്മൾ സുഖതരമായ മെത്തയിൽ ഉറങ്ങുന്നു.

"ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. ഞങ്ങൾ അങ്ങേക്കു കൃതജ്ഞത അർപ്പിക്കുന്നു; ഞങ്ങൾ അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുകയും അങ്ങയുടെ അദ്ഭുതപ്രവൃത്തികളെ പ്രകീർത്തിക്കുകയും ചെയ്യുന്നു" (സങ്കീ. 75:1). അമ്മയിലൂടെ നമുക്കായി ഭക്ഷണം കരുതുന്നതും, സുഖനിദ്രയ്ക്കു മെത്ത ഒരുക്കുന്നതും ദൈവമൊരുക്കിയ അദ്ഭുതങ്ങളാണ്.

കുഞ്ഞുങ്ങളേ, ലഭിക്കാത്തവയ്ക്കു വേണ്ടി നിങ്ങൾ വാശിപിടിക്കുമ്പോൾ മറുപുറത്ത് ഒരു തുള്ളി ശുദ്ധജലത്തിനായി ദാഹിക്കുന്ന ആളുകളെ നമ്മൾ ഓർക്കണം. ഈ പുതുവർഷം ഒരു തിരിച്ചറിവിന്റെ വർഷമാകട്ടെ. കളിപ്പാട്ടങ്ങൾക്കോ മറ്റ് അനാവശ്യങ്ങൾക്കുവേണ്ടി ശാഠ്യംപിടിക്കുമ്പോൾ, എനിക്കു ദൈവം ശ്വസിക്കാൻ ശുദ്ധവായുവും സ്നേഹിക്കാൻ മാതാപിതാക്കളും സുഹൃത്തുക്കളെയുമൊക്കെ നൽകിയല്ലോ എന്നോർത്ത് നമുക്ക് ദൈവത്തിനു നന്ദി പറയാം.

പുതുവർഷത്തിൽ പ്രിയ കൂട്ടുകാർ ചെയ്യേണ്ടത്, ഓരോ ദിവസവും നമ്മളെ പല വിധത്തിൽ സഹായിക്കുന്ന എല്ലാവരോടും നമുക്കു 'താങ്ക് യൂ' പറയാം.

'ഐ ലവ് യൂ' – നമ്മുടെ മാതാപിതാക്കളോടും സഹോദരങ്ങളോടും വല്യപ്പച്ചനോടും വല്യമ്മച്ചിയോടും നമ്മുടെ സ്നേഹം അറിയിക്കാം.

*ലേഖിക ആലുവ ഭാരത്‌മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നാലാം വർഷവിദ്യാർത്ഥിനിയാണ്*

# പ്രത്യാശയുടെ ഇളംനാമ്പുകൾ



ആൽബിൻ ജിജോ

ഉദിച്ചുയരുന്ന സൂര്യനുമുമ്പിൽ നിഷ്പ്രഭമായ തമസിന്റെ രോദനത്തോടൊപ്പം പ്രത്യാശയുടെ ഇളംനാമ്പുകളുതിർത്ത് 2019 രംഗപ്രവേശം ചെയ്യുന്ന വേളയിൽ, മാഞ്ഞുപോയ ചിരിയുടെയും കണ്ണുനീരിന്റെയും കഥകൾ മാത്രമല്ല ഉയിർപ്പിന്റെ ഇതിഹാസങ്ങൾ രചിക്കാനും ഉള്ളിലെ അണയാതെ അണയുന്ന മൺചെരാതിനു കഴിയുമെന്നോർമ്മിപ്പിച്ചുകൊണ്ട് ഏവർക്കും പുതുവത്സരാശംസകൾ.

LIFE വികസിതമാകുമ്പോൾ ചിന്നിത്തെറിക്കേണ്ട അക്ഷരങ്ങൾ പൂർണ്ണരൂപം പ്രാപിക്കുമ്പോൾ സൃഷ്ടിയുടെ ലക്ഷ്യത്തെ നിർവചിക്കാൻ നാമോരോരുത്തരുടെയും ജീവിതങ്ങൾക്കാവും.

**L - Love**

സ്നേഹത്തിന് മൂർത്തീരൂപങ്ങൾ സങ്കല്പിച്ചു നല്കിയ ഭൂതത്തിനും വർത്തമാനത്തിനും ഭാവിയുടെ നന്മയായിരുന്നു ലക്ഷ്യം എന്നതിൽ സംശയമില്ല. കവിഞ്ഞൊഴുകുന്ന സ്നേഹത്തിൽനിന്ന് ആവിർഭവിക്കുന്നവയാണ് മാനുഷികമായ ഒട്ടുമിക്ക മൂല്യങ്ങളും. മൂല്യങ്ങളുടെ പൂർത്തീകരണത്തിലാണ് സംസ്കാരത്തിന്റെ അസ്തിത്വം നിലകൊള്ളുന്നത്.

**I - Inspiration**

ജീവിതത്തിൽ നമുക്കുണ്ടാകേണ്ട കണ്ണുകൾ ('I's) പ്രധാനമായും മൂന്നെണ്ണമാണ് Inspiration, Interest, Investigation. ജീവിതവിജയത്തിനനിവാര്യമായ ഒരു ലക്ഷ്യത്തെ പൂർണ്ണതയിലെത്തിക്കാനാകുന്നത് ഈ മൂന്ന് 'I'കൾക്കാണ്. Inspiration വിജയത്തിനുള്ള ആമുഖം മാത്രമാണ്. പക്ഷേ, അതില്ല എന്നു കരുതി വിജയം അസാധ്യമല്ല. Inspiration ആണ് ഒരാളെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്നത്. ഈ സ്വപ്നം കാണൽ യാഥാർത്ഥ്യത്തിലേക്കെത്തുന്നത് അനുഭവതലത്തിലെ കാഴ്ചകളിലും കേൾവികളിലുമുള്ള താത്പര്യ (Interest)മാണ്. പിന്നീടാണ് ഫലപ്രാപ്തിക്കായുള്ള Investigation നടക്കുന്നത്.

**F- Fragrance**

എന്റെയും നിന്റെയും ജീവിതം മനോഹരമാക്കുന്നത് അതിന് സുഗന്ധമുണ്ടാകുമ്പോഴാണ്. ഒരാൾക്കു സമ്മാനിക്കുന്ന പുഞ്ചിരിയാണ് ഏറ്റവും വലിയ സൗരഭ്യം. അതിൽ സ്നേഹവും ആത്മാർത്ഥതയും കുടികൊള്ളണമെന്നു മാത്രം. ആർക്കെങ്കിലുമൊക്കെ സൗരഭ്യം പകരാനാകുമെങ്കിൽ ക്രിസ്തീയ ചൈതന്യങ്ങൾ പകുത പ്രാപിക്കാനാകും.

**E- Empathy**

അസഹിഷ്ണുത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സഹാനുഭൂതിക്കു പ്രസക്തി വർദ്ധിക്കുന്നു. സിംപതി നല്ലതാണ്. പക്ഷേ, എംപതി ആണ് കാലഘട്ടത്തിന് ആവശ്യം.

LIFE പൂർണ്ണമാകുമ്പോൾ കാലാതിവർത്തിതമായ ഒരിതിഹാസം രചിക്കാൻ ജീവിതം പരിപൂർണ്ണമായ അർത്ഥതലങ്ങളെ സ്പർശിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പരിശ്രമങ്ങൾ 2019 ൽ ആരംഭിക്കട്ടെ.

*ലേഖകൻ രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി പ്ലസ്ടു വിദ്യാർത്ഥിയാണ്*



# സ്നേഹിക്കപ്പെടാൻ കൊതിക്കുന്ന നല്ലിടയൻ



ആൻ മരിയ തോമസ്

പ്രകൃതി ഒരു പാഠപുസ്തകമാണ്. ജനിച്ചുവീഴുന്ന നിമിഷം മുതൽ ഒരുവന്റെ പഠനമാരംഭിക്കുന്നുവെന്ന് നമുക്കറിയാമല്ലോ. അറിവുകൾ നേടി വളരുന്നതിനിടയിൽ തേൻ പകരുന്ന തേനീച്ചയെപ്പോലെ നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു.

'അനന്തമജ്ഞാതമവർണ്ണനീയ–
മീലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന്
നോക്കുന്ന മർത്യൻ കഥയെന്തു
കണ്ടു!'

ഈ കവിവാക്യം അന്വർത്ഥമാകുന്നു. പ്രകൃതിയിലെ ഓരോ കണികയും അറിവു പകരുന്ന നിരവധി കഥകൾ ചൊല്ലുന്നുണ്ട്. എന്നാൽ, യഥാർത്ഥ ലക്ഷ്യമെന്തെന്നറിയാതെ അലയുന്നതിനിടയിൽ ആ ചെറുകണികകളുടെ ശബ്ദത്തിനു കാതോർക്കാൻ കർണ്ണങ്ങളില്ലാതാകുന്നു ഈ മണ്ണിൽ. ഒരു ചെറുനാമ്പ് കിളിർക്കുന്നതു മുതൽ അതേ നാമ്പ് കരിയിലയെന്ന അവസ്ഥയിലേക്കു കൂപ്പുകുത്തും വരെ ലക്ഷ്യസാഫല്യത്തിനിടയിലുള്ള ആനന്ദത്തിന്റെയും കദനത്തിന്റെയും കഥകൾ അറിവുകളായി പകരുകയാണവർ. അറിവിന്റെ മഹാപ്രപഞ്ചത്തിൽ നാം സ്വയം അറിഞ്ഞ് കണ്ടെത്തണം. അവിടെ സംതൃപ്തിയുള്ള ഹൃദയവും പിറക്കണം. ജീവിതലക്ഷ്യങ്ങൾ ഉച്ചത്തിൽ പ്രഘോഷിച്ച്, അതിനുവേണ്ടി അധ്വാനിക്കുന്നവരാണ് നമ്മൾ. ആഗ്രഹങ്ങളുടെ ചവിട്ടുപടികൾ സമയവും അധ്വാനവും പ്രാർത്ഥനയും ചേർത്തു ചവിട്ടുമ്പോഴാണ് അത് ലക്ഷ്യമെന്ന അവസ്ഥയിലേക്കു കാൽവയ്ക്കുന്നത്. ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുമ്പോൾ ലക്ഷ്യം സഫലീകരിക്കപ്പെടുന്നു.



ആമകളെ നോക്കുവിൻ. അവ മുട്ടയിട്ട് അകലെ മാറി നിന്നാലും അവയുടെ ചിന്ത മുട്ടയിലേക്കു കേന്ദ്രീകരിച്ചിരിക്കുന്നു. മീനുകൾ മുട്ടയിട്ടശേഷം അതിനെ നിരന്തരം നിരീക്ഷിക്കുന്നു. ഇവയുടെയെല്ലാം തോട്ട് ഫോർസിന് വ്യതിചലനമുണ്ടാകുന്നില്ല. കാരണം, മുട്ടകൾക്കു സുരക്ഷിതത്വമുറപ്പാക്കി ജന്മം നല്കുക അവയുടെ ലക്ഷ്യമാണ്.

ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിലൂടെ ജീവിതത്തിന് പൂർണ്ണത നേടിയെടുക്കാൻ കഴിയുന്നു. എന്നാൽ ഭൗതികലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള തിരക്കിനിടയിൽ ആത്മീയലക്ഷ്യങ്ങളെ നാം മറന്നുകളയരുത്. കണ്ടുംകേട്ടും തൊട്ടുംആസ്വദിച്ചും നാം അറിയുകയും അനുഭവിക്കുകയും ചെയ്ത നല്ലിടയൻ ഒരു പുതുവർഷം കാണാനുള്ള ആയുസ്സും നമുക്കു നൽകി. ഉള്ളിലെ പുൽക്കൂട്ടിൽ ഉണ്ണി പിറക്കണമെങ്കിൽ സ്നേഹം കൊടുക്കാൻ കഴിയുന്ന ഒരു ഹൃദയം നമ്മിലുണ്ടാകണം. കാരണം പ്രപഞ്ചത്തിലുള്ള സകലജീവികളെയുംപോലെ ദൈവവും സ്നേഹിക്കപ്പെടാൻ കൊതിക്കുന്നു. അതു സമ്മാനിച്ച് നിത്യജീവൻ നേടുമെന്നുറപ്പുള്ളവൻ ചങ്കുറ്റത്തോടെ പറയും;

I walk with Jesus nearly
I know Him clearly and I love Him dearly.

*ലേഖിക പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ IX – ാംക്ലാസ് വിദ്യാർത്ഥിനിയാണ്*